**കേരള സർക്കാർ**

തദ്ദേശസ്വയംഭരണ വകുപ്പ് - സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) ഖര-ദ്രവ മാലിന്യ പരിപാലന ഘടകം ഫണ്ട് ഗ്രാമപഞ്ചായത്തുകൾക്കുള്ള കേന്ദ്ര വിഹിതമായതിനാൽ പ്രസ്തുത ഫണ്ട് 100% [സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതി പ്രകാരം പരമാവധി 20 ലക്ഷം രൂപ വരെ] ഈ മേഖലയിലെ സ്ഥാപനതല, കമ്മ്യൂണിറ്റിതല പ്രോജക്ടുകൾക്ക് കേന്ദ്രാവിഷ്കൃത പദ്ധതിയിൽ വകയിരുത്തി വിനിയോഗിക്കുന്നതിനു അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ)നം. 2159/2018/തസ്വഭവ                തിരുവനന്തപുരം, തീയതി 05.08.2018

പരാമർശം :- 1) ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 10.07.2018 ലെ കുറിപ്പ്
2) 18.07.2018 ൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനം നമ്പർ 4.12(ii)

**ഉത്തരവ്**

ഗ്രാമപഞ്ചായത്തുകളിൽ കമ്മ്യൂണിറ്റി തല ഖര-ദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിന് 2018-2019-ലെ സബ്സിഡി മാനദണ്ഡങ്ങൾ പ്രകാരം പരമാവധി ശുചിത്വ മിഷൻ സഹായം 75 ശതമാനമായി നിശ്ചയിച്ചിട്ടുണ്ട്. ആയത് ശുചിത്വ കേരളം ഫണ്ട്, സ്വച്ഛ് ഭാരത് മിഷൻ ( ഗ്രാമീൺ ) ഖര-ദ്രവ മാലിന്യ പരിപാലന ഘടകം ഫണ്ടിൽ നിന്നും അനുവദിക്കുന്നതാണെന്നും (പദ്ധതി കാലയളവിൽ പരമാവധി 20 ലക്ഷം) വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) ഖര-ദ്രവ മാലിന്യ പരിപാലന ഘടകം ഫണ്ട് ഗ്രാമപഞ്ചായത്തുകൾക്കുള്ള കേന്ദ്ര വിഹിതമായതിനാൽ പ്രസ്തുത ഫണ്ട് 100% [സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതി പ്രകാരം പരമാവധി 20 ലക്ഷം രൂപ വരെ ] ഈ മേഖലയിലെ സ്ഥാപനതല, കമ്മ്യൂണിറ്റിതല പ്രോജക്ടുകൾക്ക് കേന്ദ്രാവിഷ്കൃത പദ്ധതിയിൽ വകയിരുത്തി വിനിയോഗിക്കുന്നതിനു അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശം 1 പ്രകാരം ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) ഖര-ദ്രവ മാലിന്യ പരിപാലന ഘടകം ഫണ്ട് ഗ്രാമപഞ്ചായത്തുകൾക്കുള്ള കേന്ദ്ര വിഹിതമായതിനാൽ പ്രസ്തുത ഫണ്ട് 100% [സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതി പ്രകാരം പരമാവധി 20 ലക്ഷം രൂപ വരെ] ഈ മേഖലയിലെ സ്ഥാപനതല, കമ്മ്യൂണിറ്റിതല പ്രോജക്ടുകൾക്ക് കേന്ദ്രാവിഷ്കൃത പദ്ധതിയിൽ വകയിരുത്തി

വിനിയോഗിക്കുന്നതിനു അനുമതി നൽകി പരാമർശം 2 ന്റെ അടിസ്ഥാനത്തിൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
**സിസ്ധു. എൽ**
**ഗവ.സ്പെഷ്യൽ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും ( പഞ്ചായത്ത് ഡയറക്ടർ മുഖേന )
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിങ് ബോർഡ്, പട്ടം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി
തദ്ദേശ സ്വയം ഭരണ (DA)വകുപ്പ്

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ